**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1246** **19-06-2024 - ൽ മറുപടിയ്ക്ക്**

**നിർമ്മാണ,പരിപാലന കരാർ നിബന്ധനകൾ പാലിക്കുന്നുവെന്ന് ഉറപ്പുവരുത്താൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ വി ശശി | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | റോഡുകളുടെ നിർമ്മാണ,പരിപാലന കരാറുകൾ ഏറ്റെടുക്കുന്ന സ്ഥാപനങ്ങൾ കരാർ നിബന്ധനകൾ പാലിക്കുന്നുവെന്ന് ഉറപ്പുവരുത്തുന്നതിന് വകുപ്പുതലത്തിൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വിശദമാക്കാമോ; | (എ) | പൊതുമരാമത്ത് റോഡുകളുടെ നിർമ്മാണവും പരിപാലനവും PWD Manual, SBD Condition, MoRTH ൽ നിന്നുള്ള സർക്കുലറുകൾ എന്നിവ അനുസരിച്ചാണ് നടപ്പിലാക്കുന്നത്. പൊതുമരാമത്ത് വകുപ്പ് റോഡ് നിർമ്മാണ പ്രവൃത്തികൾ ഓരോഘട്ടത്തിലും, ഗുണനിലവാരം ഉറപ്പ് വരുത്തി അംഗീകൃത ഷെഡ്യൂൾ, സ്പെസിഫിക്കേഷൻ തുടങ്ങിയവ പാലിച്ച് ഉദ്യോഗസ്ഥരുടെ മേൽനോട്ടത്തിലാണ് നടപ്പിലാക്കി വരുന്നത്. നിർമ്മാണ പ്രവൃത്തികൾക്ക് 3 തലത്തിലുള്ള ഗുണമേന്മ പരിശോധന നിർബന്ധമാക്കിയിട്ടുണ്ട്. പൊതുമരാമത്ത് വകുപ്പ് പ്രവൃത്തികളുടെ ഗുണമേന്മ വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി പൊതുമരാമത്ത് ക്വാളിറ്റി കൺട്രോൾ വിഭാഗത്തെ ശക്തിപ്പെടുത്തിയിട്ടുണ്ട്. കൂടാതെ മൊബൈൽ ടെസ്റ്റിംഗ് ലാബുകളും സജ്ജമാക്കിയിട്ടുണ്ട്. തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് ജില്ലകളിൽ എക്സിക്യൂട്ടീവ് എഞ്ചിനീയർമാരുടെ നേതൃത്വത്തിലും, മറ്റ് ജില്ലകളിൽ അസിസ്റ്റൻറ് എക്സിക്യൂട്ടീവ് എഞ്ചിനീയർമാരുടെ നേതൃത്വത്തിലും ക്വാളിറ്റി കൺട്രോൾ ലാബുകൾ കാര്യക്ഷമമായി പ്രവർത്തിച്ച് വരുന്നു. രണ്ടാം ഘട്ട ഗുണനിലവാര പരിശോധനകൾക്കായി പ്രവർത്തികൾ നടക്കുമ്പോൾ പൊതുമരാമത്ത് വകുപ്പ് ക്വാളിറ്റി കൺട്രോൾ ഓഫീസർമാർ സ്ഥലം സന്ദർശിക്കുകയും സൈറ്റിൽ ആവശ്യമായ ക്വാളിറ്റി പരിശോധനകൾ നടത്തുകയും ചെയ്യുന്നു. മെറ്റീരിയൽ സാമ്പിളുകൾ ശേഖരിച്ച് ലാബുകളിൽ വിവിധ പരിശോധനകൾ നടത്തുകയും ആയതിന്റെ അടിസ്ഥാനത്തിൽ പ്രവൃത്തി നടത്തിപ്പിൽ ഗുണമേന്മ ഉറപ്പാക്കി വേണ്ട മാറ്റങ്ങൾ വരുത്തുകയും ചെയ്തുവരുന്നു.<br><br>ഗുണനിലവാര പരിശോധനാ ഫലത്തിന്റെ അടിസ്ഥാനത്തിലാണ് കരാറുകാർക്ക് പേയ്മെന്റ് |

| | | | |
|---|---|---|---|
| | | | നൽകുന്നത്. Agreement വ്യവസ്ഥകൾ പാലിക്കാത്ത കരാറുകാരെ നോട്ടീസ് നൽകി കരാർ അവരുടെ തന്നെ നഷ്ടോത്തരവാദിത്തത്തിൽ അവസാനിപ്പിച്ച് അവശേഷിക്കുന്ന പ്രവൃത്തി പുനഃക്രമീകരിക്കുന്ന നടപടികൾ സ്വീകരിക്കുന്നുണ്ട്. കരാർ ലംഘനം ശ്രദ്ധയിൽപെടുന്ന പക്ഷം, കരാറുകാരന് നോട്ടീസ് നൽകുകയോ, പിഴ ചുമത്തുകയോ, റിസ്ക് ആന്റ് കോസ്റ്റ് പ്രവൃത്തിയിൽ നിന്ന് ഒഴിവാക്കുകയോ ആയ വകുപ്പ് തല നടപടികൾ സ്വീകരിക്കുന്നുണ്ട്. പല തവണയും കരാർലംഘനം ആവർത്തിച്ചാൽ പ്രസ്തുത കോൺട്രാക്ടറിനെ ബ്ലാക്ക് ലിസ്റ്റ് ചെയ്യാനുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട്. |
| (ബി) | നിർമ്മാണം ഏറ്റെടുത്തതിന് ശേഷം പല തടസ്സങ്ങളും ഉന്നയിച്ച് നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിക്കുന്നതിൽ വലിയ കാലതാമസം വരുത്തുന്ന കരാറുകാരെ സ്ഥിരമായി ബ്ലാക്ക് ലിസ്റ്റ് ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ? | (ബി) | പൊതുമരാമത്ത് റോഡുകളുടെ നിർമ്മാണവും പരിപാലനവും PWD Manual, SBD Condition, MoRTH ൽ നിന്നുള്ള സർക്കുലറുകൾ എന്നിവ അനുസരിച്ചാണ് നടപ്പിലാക്കുന്നത്. പൊതുമരാമത്ത് വകുപ്പ് റോഡ് നിർമ്മാണ പ്രവൃത്തികൾ ഓരോഘട്ടത്തിലും, ഗുണനിലവാരം ഉറപ്പ് വരുത്തി അംഗീകൃത ഷെഡ്യൂൾ, സ്പെസിഫിക്കേഷൻ തുടങ്ങിയവ പാലിച്ച് ഉദ്യോഗസ്ഥരുടെ മേൽനോട്ടത്തിലാണ് നടപ്പിലാക്കി വരുന്നത്. നിർമ്മാണ പ്രവൃത്തികൾക്ക് 3 തലത്തിലുള്ള ഗുണമേന്മ പരിശോധന നിർബന്ധമാക്കിയിട്ടുണ്ട്. പൊതുമരാമത്ത് വകുപ്പ് പ്രവൃത്തികളുടെ ഗുണമേന്മ വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി പൊതുമരാമത്ത് ക്വാളിറ്റി കൺട്രോൾ വിഭാഗത്തെ ശക്തിപ്പെടുത്തിയിട്ടുണ്ട്. കൂടാതെ മൊബൈൽ ടെസ്റ്റിംഗ് ലാബുകളും സജ്ജമാക്കിയിട്ടുണ്ട്. തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് ജില്ലകളിൽ എക്സിക്യൂട്ടീവ് എഞ്ചിനീയർമാരുടെ നേതൃത്വത്തിലും, മറ്റ് ജില്ലകളിൽ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർമാരുടെ നേതൃത്വത്തിലും ക്വാളിറ്റി കൺട്രോൾ ലാബുകൾ കാര്യക്ഷമമായി പ്രവർത്തിച്ച് വരുന്നു. രണ്ടാം ഘട്ട ഗുണനിലവാര പരിശോധനകൾക്കായി പ്രവർത്തികൾ നടക്കുമ്പോൾ പൊതുമരാമത്ത് വകുപ്പ് ക്വാളിറ്റി കൺട്രോൾ ഓഫീസർമാർ സ്ഥലം സന്ദർശിക്കുകയും സൈറ്റിൽ ആവശ്യമായ ക്വാളിറ്റി പരിശോധനകൾ നടത്തുകയും ചെയ്യുന്നു. മെറ്റീരിയൽ സാമ്പിളുകൾ ശേഖരിച്ച് ലാബുകളിൽ വിവിധ പരിശോധനകൾ നടത്തുകയും ആയതിന്റെ അടിസ്ഥാനത്തിൽ പ്രവൃത്തി നടത്തിപ്പിൽ ഗുണമേന്മ ഉറപ്പാക്കി വേണ്ട മാറ്റങ്ങൾ വരുത്തുകയും ചെയ്തുവരുന്നു.<br><br>ഗുണനിലവാര പരിശോധനാ ഫലത്തിന്റെ അടിസ്ഥാനത്തിലാണ് കരാറുകാർക്ക് പേയ്മെന്റ് |

| | | | |
|---|---|---|---|
| | | | നൽകുന്നത്. Agreement വ്യവസ്ഥകൾ പാലിക്കാത്ത കരാറുകാരെ നോട്ടീസ് നൽകി കരാർ അവരുടെ തന്നെ നഷ്ടോത്തരവാദിത്തത്തിൽ അവസാനിപ്പിച്ച് അവശേഷിക്കുന്ന പ്രവൃത്തി പുനഃക്രമീകരിക്കുന്ന നടപടികൾ സ്വീകരിക്കുന്നുണ്ട്. കരാർ ലംഘനം ശ്രദ്ധയിൽപെടുന്ന പക്ഷം, കരാറുകാരന് നോട്ടീസ് നൽകുകയോ, പിഴ ചുമത്തുകയോ, റിസ്ക് ആന്റ് കോസ്റ്റ് പ്രവൃത്തിയിൽ നിന്ന് ഒഴിവാക്കുകയോ ആയ വകുപ്പ് തല നടപടികൾ സ്വീകരിക്കുന്നുണ്ട്. പല തവണയും കരാർലംഘനം ആവർത്തിച്ചാൽ പ്രസ്തുത കോൺട്രാക്ടറിനെ ബ്ലാക്ക് ലിസ്റ്റ് ചെയ്യാനുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ